<u>പതിനാലാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5824. 03.11.2016 ന് മറുപടിയ്ക്ക്

<u>ഇതര സംസ്ഥാന ജോലിക്കാരുടെ ലേബർ ക്യാമ്പുകളിൽ അമിതമായ ലഹരി ഉപയോഗം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ ഇതര സംസ്ഥാന ജോലിക്കാരുടെ ലേബർ ക്യാമ്പുകളിൽ കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവരുടെ അമിതമായ ലഹരി ഉപയോഗം കേരളത്തിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും സ്വൈരജീവിതത്തിന് ഭംഗം വരുത്തുന്നു എന്ന വസ്തുത മനസ്സിലാക്കി ഇതിനെ ചെറുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിലെ ഇതര സംസ്ഥാന ജോലിക്കാരുടെ ഇടയിൽ ലഹരി വസ്തുക്കൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നതും ഇവരുടെ അമിതമായ ലഹരി ഉപയോഗത്തെ തുടർന്നുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളും പൊതുജനങ്ങളുടെ സ്വൈരജീവിതത്തിന് ഭംഗം വരുത്തുന്നതിന് ഇടയാകുന്നതും വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനകളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ നടത്തി വരുന്നത്.<br>ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളും തൊഴിലിടങ്ങളും കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും കർശനമായി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു ണ്ട്. ഇത്തരത്തിൽ തൊഴിലാളികൾ ഒന്നിച്ച് ചേരുന്ന സ്ഥലങ്ങളും ലഹരി ഉപയോഗവും വിപണനവും നടക്കാനിടയുള്ള സ്ഥലങ്ങളും പ്രത്യേകം നിരീക്ഷണ വിധേയമാക്കുകയും, ഇതര സംസ്ഥാന തൊഴിലാളികളെ മയക്കു |

| | | | |
|---|---|---|---|
| | | | മരുന്നും പുകയില ഉത്പന്നങ്ങളുമടക്കമുള്ള ലഹരി പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നത് തടയുന്നതിന് റെയിൽവേ പോലീസ്, ആർ.പി.എഫ്. വിഭാഗങ്ങളുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനയും നടത്തുന്നു ണ്ട്.<br>മയക്കു മരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ ഇത്തരം തൊഴിലാളികൾക്കിടയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എക്സൈസ് വകുപ്പിൽ വിവിധ സ്ഥലങ്ങളിൽ പ്രത്യേക സെല്ല് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**